**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1086** | **31-01-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | **കുട്ടനാട് കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടി തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സാമാജികരും, ജില്ലാ കളക്ടറും, കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും, കിഫ്ബി ഉദ്യോഗസ്ഥരും, കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും നിരന്തരം അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. സ്ഥല ലഭ്യത ഇല്ലായ്മ, മറ്റ് ഇതര വകുപ്പുകളുടെ (പി ഡബ്യു ഡി, എൻ എച്ച്, റെയിൽവേ) അനുമതിക്കുള്ള കാലതാമസം, എന്നിവ കാരണം പദ്ധതി വൈകുന്നത് ഒഴിവാക്കുന്നതിന് ജില്ലാ തലത്തിലും(ജില്ലാ കളക്ടർ മുഖേന), സംസ്ഥാന തലത്തിലും കൂടിയാലോചനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിക്ക് വേണ്ട ജല ശുദ്ധീകരണ ശാലക്കും ഉന്നത തല ജല സംഭരണികൾക്കും സ്ഥലം ഏറ്റെടുക്കുന്നതിൽ കാല താമസം നേരിട്ടു എങ്കിലും മേൽ സൂചിപ്പിച്ച പ്രകാരമുള്ള നിരന്തരമായ ഇടപെടലുകളിലൂടെ പദ്ധതിക്കാവശ്യമായ ജല ശുദ്ധീകരണ ശാലയുടെ സ്ഥലം ഇപ്പോൾ ലഭ്യമായിട്ടുണ്ട്. കൂടാതെ പദ്ധതിക്ക് വേണ്ട പുതുക്കിയ ഫണ്ടിംഗ് അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാർ ടെൻഡറിൽ പങ്കെടുക്കുന്നതിന് വിമുഖത കാട്ടുന്നതിനാൽ കൂടുതൽ കരാറുകാർ ടെൻഡറിൽ പങ്കെടുക്കുവാനായി കരാറുകാരുമായും ചർച്ചകൾ നടത്തി പരിഹാരം കാണുവാനുള്ള ശ്രമങ്ങളും വിവിധ തലത്തിൽ നടത്തി വരുന്നുണ്ട്.** |
| (ബി) | ഈ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) | **കുട്ടനാട് കുടിവെള്ള പദ്ധതി പരമാവധി കാലതാമസമില്ലാതെ നടപ്പാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. സ്ഥല ലഭ്യത ഇല്ലായ്മ, മറ്റ് ഇതര** |

| | | | |
|---|---|---|---|
| | | | **വകുപ്പുകളുടെ (പി ഡബ്ല്യു ഡി, എൻ എച്ച്, റെയിൽവേ) അനുമതിക്കുള്ള കാലതാമസം, എന്നിവ കാരണം പദ്ധതി വൈകുന്നത് ഒഴിവാക്കുന്നതിന് ജില്ലാ തലത്തിലും (ജില്ലാ കളക്ടർ മുഖേന), സംസ്ഥാന തലത്തിലും കൂടിയാലോചനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കരാറുകാർ ടെൻഡറിൽ പങ്കെടുക്കുന്നതിന് വിമുഖത കാട്ടുന്നതിനാൽ കൂടുതൽ കരാറുകാർ ടെൻഡറിൽ പങ്കെടുക്കുവാനായി കരാറുകാരുമായും ചർച്ചകൾ നടത്തി പരിഹാരം കാണുവാനുള്ള ശ്രമങ്ങളും വിവിധ തലത്തിൽ നടത്തി വരുന്നുണ്ട്.** |
| (സി) | വിവിധ ഘട്ടങ്ങളായി നടക്കുന്ന കുട്ടനാട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | **ഈ പദ്ധതി 9 പാക്കേജുകളായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പാക്കേജുകളുടെ ടെൻഡർ നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു**<br><br>**<u>പാക്കേജ്-1</u>**<br><br>**തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ജലശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ടെൻഡറിൽ കരാറുകാരൻ 31.98% ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ അനുമതി സർക്കാരിന്റെ പരിഗണനയിലാണ്.**<br><br>**<u>പാക്കേജ്-2</u>**<br><br>**എടത്വ, തലവടി പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണിയുടേയും അനുബന്ധ പമ്പിംഗ് മെയിനുകളുടേയും പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ടെൻഡറിൽ കരാറുകാരൻ 17.98% ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ അനുമതി സർക്കാരിന്റെ പരിഗണനയിലാണ്.**<br><br>**<u>പാക്കേജ്-3</u>**<br><br>**നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽ നിന്നും മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 5 തവണ ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. 11.02.2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്. എ.സി റോഡിൽ പൈപ്പ് ലൈനുകൾ** |

സ്ഥാപിക്കുന്നതിന് KSTP ക്ക് 22.40 കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തിക്ക് ULCSS ക്ക് KSTP പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. പ്രവൃത്തി തുടങ്ങുന്നതിലേക്കായി പൈപ്പ് ടെസ്റ്റിംഗ് പൂർത്തിയാക്കി പൈപ്പ് സപ്ലൈ ചെയ്തിട്ടുണ്ട്.

<u>പാക്കേജ്-4</u>

എടത്വ, വീയപുരം, തലവടി, തകഴി എന്നീപഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും, തകഴി പഞ്ചായത്തിൽ (6 ലക്ഷം ലിറ്റർ) ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ടെൻഡറിൽ കരാറുകാരൻ 15.2% ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ അനുമതി സർക്കാരിന്റെ പരിഗണനയിലാണ്.

<u>പാക്കേജ്-5</u>

മുട്ടാർ (3.5 ലക്ഷം ലിറ്റർ), വെളിയനാട് (4.5 ലക്ഷം ലിറ്റർ), നീലംപേരൂർ (5.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും. ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 8 തവണ ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. 11.02.2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

<u>പാക്കേജ്-6</u>

പുളിങ്കുന്ന് (12 ലക്ഷം ലിറ്റർ), കാവാലം (8 ലക്ഷം ലിറ്റർ), എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും, ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 5 തവണ ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. 11.02.2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

<u>പാക്കേജ്-7</u>

രാമങ്കരി (5.75 ലക്ഷം ലിറ്റർ), ചമ്പക്കുളം (5.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും. ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ

| | | | |
|---|---|---|---|
| | | | **ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭ്യമാക്കി ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. 02.02.2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.**<br><br>**<u>പാക്കേജ്-8</u>**<br><br>**കൈനകരി (7 ലക്ഷം ലിറ്റർ), നെടുമുടി (8.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും. ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭ്യമാക്കി ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. 02.02.2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.**<br><br>**<u>പാക്കേജ് -9</u>**<br><br>**വീയപുരം (4.75 ലക്ഷം ലിറ്റർ) ഉന്നതതല ജലസംഭരണിയുടെ നിർമ്മാണവും, എടത്വ ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവുമാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭ്യമാക്കി ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. 02.02.2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ